**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.139** **08.06.2018-ൽ മറുപടിയ്ക്ക്**

**സമഗ്ര പാർക്കിംഗ് നയം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഹൈബി ഈഡൻ**<br>**,, വി.ഡി.സതീശൻ**<br>**,, റോജി എം. ജോൺ**<br>**,, അൻവർ സാദത്ത്** | **ഡോ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** |
| (എ) നഗരങ്ങളിൽ വാഹനങ്ങൾ വർദ്ധിയ്ക്കുന്നതിനനുസൃതമായി പാർക്കിംഗ് സൗകര്യമില്ലാത്തത് ഗതാഗത തടസ്സത്തിനും വാഹനാപകടത്തിനും കാരണമാകുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് നഗരങ്ങളിൽ വാഹനങ്ങളുടെ എണ്ണം വളരെയധികം വർദ്ധിച്ചിട്ടുണ്ട്. വാഹനങ്ങളുടെ വർദ്ധനവിനനുസൃതമായി നഗരങ്ങളിൽ പാർക്കിംഗ് സൗകര്യമില്ലാത്ത സാഹചര്യം നിലവിലുണ്ട്. തിരക്കേറിയ നഗരഭാഗങ്ങളിൽ റോഡിന് ഇരുവശത്തുമായി വാഹനങ്ങൾ പാർക്ക് ചെയ്യുന്നതും മറ്റ് അനധികൃത പാർക്കിംഗും ഗതാഗത തടസ്സത്തിനും വാഹനാപകടത്തിനും കാരണമാകുന്നുണ്ട്. |
| (ബി) തിരുവനന്തപുരം, എറണാകുളം , കോഴിക്കോട് എന്നീ നഗരങ്ങളിൽ ബഹുനില യന്ത്രവൽകൃത പാർക്കിംഗ് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ; | (ബി) പരിഗണനയിൽ ഉണ്ട്. തിരുവനന്തപുരം കോർപ്പറേഷനിൽ അമൃത് പദ്ധതിയിൽ അർബൻ ട്രാൻസ്പോർട്ട് സെക്ടറിൽ ഉൾപ്പെടുത്തി തിരുവനന്തപുരം കോർപ്പറേഷൻ ഓഫീസ് കോമ്പൗണ്ടിൽ 6.41 കോടി രൂപ ചെലവിലും, പുത്തരിക്കണ്ടം മൈതാനത്തിൽ റെയിൽവേയുടെ 2-ാം ടെർമിനലിനഭിമുഖമായി 11.23 കോടി രൂപ ചെലവിലും, മെഡിക്കൽ കോളേജിന് സമീപം 14 കോടി രൂപ ചെലവിലും ആധുനിക രീതിയിലുള്ള ബഹുനില യന്ത്രവൽകൃത പാർക്കിംഗ് സൗകര്യം ഒരുക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനും ടെണ്ടർ ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിച്ചു വരുന്നു.<br>തിരുവനന്തപുരം സ്മാർട്ട് സിറ്റി പദ്ധതിയിൽ 5 മൾട്ടി ലെവൽ കാർപാർക്കിംഗ് പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>കൊച്ചി കോർപ്പറേഷനിൽ കൊച്ചി സ്മാർട്ട് സിറ്റി പദ്ധതിയിൽ ഉൾപ്പെടുത്തി കച്ചേരിപടിയിൽ (site belongs to Usha |

| | | | |
|---|---|---|---|
| | | | Tourist Home) ഒരു ഫുള്ളി ഓട്ടോമാറ്റിക്ക് മൾട്ടിലെവൽ കാർപാർക്കിംഗ് പ്രോജക്ട് പരിഗണനയിൽ ഉണ്ട്. ഈ പദ്ധതി അതിന്റെ പ്രാരംഭ ദശയിലാണ്.<br>കോഴിക്കോട് നഗരസഭയിൽ ലിങ്ക് റോഡിൽ സി.ഡി.എ.യുടെ പാർക്കിംഗ് പ്ലാസയുടെ പണി പൂർത്തീകരണ ഘട്ടത്തിലാണ്. മിഠായിതെരുവ് കിഡ്സൺ കോർണറിൽ 200 കാറുകൾ പാർക്ക ചെയ്യുന്നതിനുള്ള പ്രോജക്ടിന്റെ പ്ലാൻ സ്ക്രൂട്ടിണി നടന്നുകൊണ്ടിരിക്കുകയാണ്. 900 കാറുകൾ പാർക്ക ചെയ്യാവുന്ന സ്റ്റേഡിയത്തിലെ പാർക്കിംഗ് പ്ലാസയുടെ എസ്റ്റിമേറ്റ് എഞ്ചിനീയറിംഗ് കോളേജ് സമർപ്പിച്ചിട്ടുണ്ട്. |
| (സി) | ഇക്കാര്യത്തിൽ ഏതെങ്കിലും സ്വകാര്യ കമ്പനിയുമായി ധാരണയിലെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | ഇല്ല. |
| (ഡി) | സമഗ്ര പാർക്കിംഗ് നയം ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | പുതിയതായി ഒരു സമഗ്ര പാർക്കിംഗ് നയം ആവിഷ്കരിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിൽ നടപടികൾ സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ